## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 848** **30-06-2022 - ൽ മറുപടിയ്ക്ക്**

## പട്ടിക ജാതി, പട്ടിക വർഗ്ഗ കോളനികളിൽ സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടിക വർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (എ) | സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ കോളനികൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്നതിനല്ല സർക്കാർ ഉദ്ദേശിക്കുന്നത്.<br><br>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമായി മാറ്റുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി എംപവർമെന്റ് സൊസൈറ്റികളും ടാലന്റ് സെന്ററുകളും ആരംഭിക്കുന്നത് സംബന്ധിച്ച് നയ പ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ പുരോഗമിച്ചു വരുന്നു .<br><br>സിവിൽ എഞ്ചിനീയറിംഗ് ബിരുദ/ ഡിപ്ലോമ/ഐടിഐ യോഗ്യതയുള്ള പട്ടിക വിഭാഗം ഉദ്യോഗാർത്ഥികളെ തദ്ദേശസ്ഥാപനങ്ങളിൽ താത്കാലികാടി സ്ഥാനത്തിൽ അക്രഡിറ്റഡ് എഞ്ചിനീയർമാരായി നിയമിക്കുന്നതിനുള്ള വകുപ്പിന്റെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.<br><br>സമാന രീതിയിൽ Bsc നഴ്സിംഗ്/ ജനറൽ നഴ്സിംഗ് / പാരമെഡിക്കൽ കോഴ്സുകൾ പാസായ പട്ടിക വിഭാഗം ഉദ്യോഗാർത്ഥികളെ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടിയും പുരോഗമിക്കുകയാണ്.<br><br>ഇത്തരത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് പരിശീലനവും പ്രവൃത്തി പരിചയവും വേതനവും നൽകി അവരെ കൂടുതൽ മെച്ചപ്പെട്ട തൊഴിൽ മേഖലയിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ